# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4331      17.12.2014 ൽ മറുപടിക്ക്

## എണ്ണപ്പാറ പി.എച്ച്.സി.യെ ട്രൈബൽ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | എണ്ണപ്പാറ പി.എച്ച്.സി.യെ ട്രൈബൽ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ആവശ്യത്തിന്മേൽ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറിയുടെ നം. 54401/എം1/2013 തീയതി 13.12.2013 പ്രകാരമുള്ള കത്തിന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന വ്യക്തമാക്കുമോ; | (ബി) | കാസറഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ 01/12/2014-ലെ സി1-783/14 നമ്പർ കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ റിപ്പോർട്ട് ലഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദീകരിക്കാമോ? | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**'ഭരണ ഭാഷ - മാതൃ ഭാഷ'** അനുബന്ധം

ന സി1-783/2014.

ജില്ലാ മെഡിക്കൽ ആഫീസറുടെ കാര്യാലയം,
കാഞ്ഞങ്ങാട്, തീയതി: 01-12-2014.

പ്രേഷകൻ

ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം)
കാസറഗോഡ്.

സ്വീകർത്താവ്

ആരോഗ്യ വകുപ്പ് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം: പ്രാഥമികാരോഗ്യ കേന്ദ്രം എണ്ണപ്പാറ ട്രൈബൽ ഹെൽത്ത് ആശുപത്രിയായി ഉയർത്തുന്നത് - സംബന്ധിച്ച്-

സൂചന:- 1) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പി.എൽ.ബി1-94700/13 നമ്പർ കത്ത്.
2) ഈ ആഫീസിലെ സി1-13347/09 നമ്പർ കത്ത്, തീയതി: 27-8-2013.

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. എണ്ണപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രം ട്രൈബൽ ഹെൽത്ത് ആശുപത്രി ആയി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ അറിവിലേക്കായി സമർപ്പിക്കുന്നു.

എണ്ണപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള മൊത്തം പോപ്പുലേഷൻ 32,000 ആണ്. ഇതിൽ 8127 ട്രൈബൽ പോപ്പുലേഷൻ ഉണ്ട്. നിലവിൽ 24X7 പി.എച്ച്.സി. ആയി ഉയർത്തിയെങ്കിലും ജീവനക്കാരുടെ അപര്യാപ്തത മൂലം 24X7പി.എച്ച്.സി. ആയി പ്രവർത്തിക്കുന്നില്ല. സൂചന (2) പ്രകാരം 24X7 പി.എച്ച്.സി. ആയി പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തസ്തികകൾ ഇതുവരെയായി അനുവദിച്ചിട്ടില്ല.

ട്രൈബൽ ആശുപത്രിയായി ഉയർത്തുകയാണെങ്കിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്.

**<u>നിലവിലുള്ള തസ്തികയുടെ പേരും എണ്ണവും</u>**

| | | |
|---|---|---|
| അസിസ്റ്റന്റ് സർജ്ജൻ | : | 1 |
| ഫാർമസിസ്റ്റ് | : | 1 |
| ഓഫീസ് അറ്റൻഡന്റ് | : | 1 |
| പാർട്ട്-ടൈം സ്വീപ്പർ | : | 1 |
| നേഴ്സിംഗ് അസിസ്റ്റന്റ് | : | - |
| ക്ലർക്ക് | : | 1 |
| എൽ.എച്ച്.ഐ. | : | 1 |
| ജെ.പി.എച്ച്.എൻ.ഗ്രേഡ്-2 | : | 4 |
| ജെ.പി.എച്ച്.എൻ. ഗ്രേഡ്-1 | : | 4 |
| ജെ.എച്ച്.ഐ. ഗ്രേഡ്-2 | : | 3 |
| ജെ.എച്ച്.ഐ.ഗ്രേഡ്-1 | : | 3 |
| ഹെൽത്ത് ഇൻസ്പെക്ടർ | : | 1 |

**അധികമായി അനുവദിക്കേണ്ട തസ്തികകളുടെ പേരും എണ്ണവും**

| | | |
|---|---|---|
| സൂപ്രണ്ട് | : | 1 |
| ജൂനിയർ കൺസൾട്ടൻറ് | : | 9 |
| അസിസ്റ്റൻറ് സർജ്ജൻ | : | 3 |
| കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ | : | 4 |
| ഡെൻറൽ സർജ്ജൻ | : | 1 |
| ഹെഡ് നേഴ്സ് | : | 7 |
| സ്റ്റാഫ് നേഴ്സ് ഗ്രേഡ് -1 | : | 8 |
| സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 | : | 9 |
| ഫാർമസിസ്റ്റ് ഗ്രേഡ്-1 | : | 1 |
| ഫാർമസിസ്റ്റ് ഗ്രേഡ്-2 | : | 1 |
| ലാബ് ടെക്. ഗ്രേഡ് 1 | : | 1 |
| ലാബ് ടെക്.ഗ്രേഡ്-2 | : | 2 |
| റേഡിയോഗ്രാഫർ | : | 1 |
| ഹെഡ് ക്ലർക്ക് | : | 1 |
| സീനിയർ ക്ലർക്ക് | : | 1 |
| ക്ലർക്ക് | : | 1 |
| ടൈപ്പിസ്റ്റ് | : | 1 |
| ഡ്രൈവർ | : | 2 |
| എച്ച്.എ.ഗ്രേഡ് -2 | : | 8 |
| നേഴ്സിംഗ് അസിസ്റ്റൻറ് | : | 7 |
| ഓഫീസ് അറ്റൻഡൻറ് | : | 1 |

വിശ്വസ്തതയോടെ,

ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം),
കാഞ്ഞങ്ങാട്.

1/12/14

ജെ.പി/

സെക്ഷൻ ഓഫീസർ